**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സർക്കുലർ**

**നം.20/2025/ധന** **തിരുവനന്തപുരം, തീയതി :** 10/03/2025

വിഷയം : ധനകാര്യ വകുപ്പ്- കോ-ഓപ്പറേറ്റീവ് റിക്കവറി തുടങ്ങിയ തുകകൾ യഥാസമയം വിതരണം ചെയ്യാതെ ഡിഡിഒ മാരുടെ എസ്.ടി.എസ്.ബി യിൽ സൂക്ഷിക്കുന്നത് ഒഴിവാക്കുന്നതിനുള്ള പൊതുവായ തുടർ നിർദ്ദേശങ്ങൾ- പുറപ്പെടുവിക്കുന്നു.

സൂചന : 1) സ.ഉ(കൈ) നം. 91/2016/ധന തീയതി : 19/02/2016.
2) സർക്കുലർ നം. 17/2021/ധന തീയതി : 22/02/2021

സൂചന (1) പ്രകാരം തൊഴിൽ നികുതി, സഹകരണ റിക്കവറി, റീഫണ്ട് ക്ലെയിമുകൾ തുടങ്ങിയവയുടെ പേയ്മെന്റുകൾ സുഗമമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെയും പദവിയിൽ അതാത് ട്രഷറികളിൽ പലിശയില്ലാതെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. മാത്രമല്ല കോ-ഓപ്പറേറ്റീവ് റിക്കവറി സൂചിപ്പിച്ചിട്ടുള്ള ശമ്പള ബില്ലുകൾ സമർപ്പിക്കുമ്പോൾ അതിനുള്ള ചെക്കും ബിംസിലെ പ്രൊസീഡിംഗ്സും, ശമ്പള ബില്ലുകൾ എൻകാഷ് ചെയ്യുന്ന മുറക്ക് ഡിഡിഒ മാർ, ട്രഷറിയിൽ നിർബന്ധമായും സമർപ്പിക്കേണ്ടതും, ട്രഷറി ഓഫീസർമാർ ഇക്കാര്യം നിർബന്ധമായും വെരിഫൈ ചെയ്യേണ്ടതും, തൊട്ടടുത്ത മാസത്തെ ശമ്പള ബില്ല് സമർപ്പിക്കുമ്പോൾ തലേമാസത്തെ റിക്കവറി തുക ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുവെന്ന് കർശനമായി ഉറപ്പ് വരുത്തേണ്ടതുമാണെന്നും സൂചന (2) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പല ഡിഡിഒ മാരും വീഴ്ച വരുത്തുന്നതായും വലിയ തുകകൾ ഡിഡിഒ-മാരുടെ എസ്.റ്റി.എസ്.ബി-യിൽ തന്നെ സൂക്ഷിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ആകയാൽ സൂചന (2) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ ട്രഷറി ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണെന്നും, ഡിഡിഒ മാർ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം കർശന വകുപ്പുതല നടപടികൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

**സുരേഷ് കുമാർ ഒ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവന്മാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, **www.finance.kerala.gov.in**
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (1701553)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ